Draft #3 of File P1/9249/22/GECBH Approved by Principal in Charge on 14-Feb-2023 12:28 PM - Page 1

# ക്വട്ടേഷൻ/ ലേലപരസ്യം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ബാർട്ടൺഹിൽ ഗവ. എൻജിനീയറിംഗ് കോളേജിലെ പി.റ്റി.എ ബ്ലോക്കിന് പിറക് വശത്തായി അപകടാവസ്ഥയിൽ നിൽക്കുന്ന താഴെ പറയുന്ന മരം 28.02.2023 തീയ്യതി രാവിലെ 11.30 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തോ ക്വട്ടേഷൻ സ്വീകരിച്ചോ വിൽക്കുന്നതാണ്.

| Sl.No | Species | G BH in cm |
|---|---|---|
| 1 | തേക്ക് | 120 |

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം (28.02.2023) രാവിലെ 11 മണിയ്ക്ക് മുമ്പായി 200/- രൂപ(ഇരുന്നൂറ് രൂപ മാത്രം) നിരതദ്രവ്യമായി ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്. ക്വട്ടേഷനുകൾ 200/- രൂപയുടെ ഡിഡി സഹിതം 28.02.2023 രാവിലെ 10.30 മണിവരെ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

2. ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനുശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ 20% അന്നേ ദിവസം തന്നെ ഓഫീസിൽ ഒടുക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ച് മരം മുറിക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

3. നിരതദ്രവ്യവും സെക്യൂരിറ്റി തുകയും മരം മുറിച്ച് നീക്കം ചെയ്തശേഷം ബാധ്യതകളൊന്നുമില്ലെങ്കിൽ തിരികെ നൽകുന്നതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ക്വട്ടേഷൻ എടുത്ത ആൾ മുഴുവൻ തുകയും യഥാസമയം ഒടുക്കാത്തപക്ഷം നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്.

4. ലേലത്തിൽ പിടിച്ച മരം മുറിയ്ക്കാനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം മറ്റുവസ്തു വകകൾക്ക് കേടുപാടുകൾ സംഭവിക്കാതെ മരം മുറിച്ച് മാറ്റേണ്ടതാണ്. അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതും പിഴപ്പലിശ ഈടാക്കുന്നതുമായിരിക്കും.

5.. തിരിച്ചറിയൽ രേഖയായി വോട്ടർ കാർഡ്, ആധാർ കാർഡ്, ഡ്രൈവിങ് ലൈസൻസ്, ഇന്ത്യൻ പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും കൊണ്ട് വരേണ്ടതാണ്.

6. ലേല സംഖ്യക്കുപുറമേ ലേല സംഖ്യയുടെ 5% വനവികസന നികുതിയും ഇവ രണ്ടും ചേർന്ന തുകയുടെ 18% ചരക്കു സേവന നികുതിയും (GST) ലേല സംഖ്യയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും ലേലം/ക്വട്ടേഷൻ പിടിച്ച വ്യക്തി ഒടുക്കേണ്ടതാണ്.

7. ലേലദിവസം അവിചാരിതമായി അവധിയായാൽ അതിനടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതായിരിക്കും. ലേലം ഉറപ്പിക്കുവാനോ മാറ്റി വയ്ക്കുവാനോ ഉള്ള എല്ലാ അധികാരവും സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം/ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്. നിശ്ചിത സമയപരിധിയ്ക്ക് ശേഷം കിട്ടുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

8. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരം പ്രവൃത്തിദിവസങ്ങളിൽ 10 മണിക്കും 3 മണിക്കും ഇടയിൽ കോളേജിൽ വന്ന് പരിശോധിക്കാവുന്നതാണ്.

പ്രിൻസിപ്പാൾ

Approval Valid

Digitally Approved By
ഡോ. ബിജുലാൽ ഡി *
Date: 14.02.2023
Reason: Approved

The document is digitally approved. Hence signature is not needed.